**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1678 05/12/2014-ൽ മറുപടിയ്ക്ക്

# സമഗ്ര പച്ചക്കറി വികസന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ<br>,, അൻവർ സാദത്ത്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, വി.പി.സജീന്ദ്രൻ | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സമഗ്ര പച്ചക്കറി വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>ബി) പ്രസ്തുത വികസന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കുവാനുദ്ദേ-ശിക്കുന്നത്; വിശദമാക്കുമോ; | എ) & ബി) ഉണ്ട്.<br>പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കാനും, ഭക്ഷ്യ സുരക്ഷ പരിഗണിച്ച് വിഷവിമുക്തമായ പച്ചക്കറി സംസ്ഥാനത്ത് ലഭ്യമാക്കുവാനും 2012-13-ൽ സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിക്ക് തുടക്കം കുറിച്ചു.<br><br>ജൈവ കൃഷിക്ക് ഊന്നൽ നൽകി കൊണ്ട് പച്ചക്കറി കൃഷിയിൽ സംസ്ഥാനം സ്വയം പര്യാപ്തത കൈവരിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. വീട്ടുവളപ്പിലെ കൃഷി, മട്ടുപ്പാവിലെ കൃഷി, ക്ലസ്റ്റർ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി തരിശുനില കൃഷി, വിദ്യാലയങ്ങളിലും മറ്റു സ്ഥാപനങ്ങളിലും പച്ചക്കറി കൃഷി, പയർ-കിഴങ്ങുവിള വികസനം, സൂക്ഷ്മ മൂലകങ്ങളുടെ പ്രയോഗം, മഴ മറകളിലെ പച്ചക്കറി കൃഷി, സങ്കര ഇനം വിത്തുകളുടെ ഉപയോഗം, ഹൈടെക് പോളീഹൗസുകളിൽ സംരക്ഷിത കൃഷി, തുറസായ സ്ഥലത്തെ കൃത്യതാ കൃഷി, സൂക്ഷ്മ കൃഷിയും ഫെർട്ടിഗേഷനും, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളും, നഴ്സറികളും രൂപീകരിക്കുക എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലായി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. |
| സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് കർഷകർക്ക് ലഭ്യമാകുന്നത്; വിശദമാക്കുമോ; | സി) പദ്ധതിയിലൂടെ നടപ്പിലാക്കുന്ന വിവിധ ഘടകങ്ങളെപ്പറ്റിയുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | പച്ചക്കറി വികസന പദ്ധതി - ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | **പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക** - 20 രൂപ വിലയുള്ള 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും 5 ലക്ഷം കിറ്റുകൾ വീട്ടമ്മമാർ മുഖേനയും, പുരയിട കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സൗജന്യമായി നൽകുന്നു. | 500 |
| 2. | **അർബൻ ക്ലസ്റ്റർ**<br>എ). മട്ടുപ്പാവിലെ കൃഷി പ്രോത്സാഹനം<br>2000/- രൂപ വിലയുള്ള 28334 ഗ്രോബാഗ് യൂണിറ്റുകൾ 75% സബ്സിഡി നിരക്കിൽ മട്ടുപ്പാവ് കൃഷിയ്ക്കായി വിതരണം ചെയ്യുന്നു. (425 ലക്ഷം).<br>ബി). ആവർത്തന ചിലവുകൾ - കഴിഞ്ഞ വർഷങ്ങളിൽ നൽകിയ ഗ്രോബാഗുകൾ കൃഷി യോഗ്യമാക്കുന്നതിനും വിത്ത്, തൈകൾ, വളം എന്നിവ നൽകുന്നു (100 ലക്ഷം) | 525 |
| 3. | **വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി**<br>(എ) തെരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 4000/- രൂപ സഹായധനം(100 ലക്ഷം).<br>(ബി) വിദ്യാലയങ്ങളിൽ 400 ജലസേചന യൂണിറ്റുകൾ കിണർ, പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കുന്നതിന് 10,000/- രൂപ നിരക്കിൽ സഹായം നൽകുന്നു. (40 ലക്ഷം).<br>(സി) 2500 വിദ്യാലയങ്ങളിൽ ക്ലബ്ബുകളുടെ പ്രവർത്തന ചിലവായി 1,000/- രൂപ വീതം | 300 |

| | | |
|---|---|---|
| | നൽകുന്നു (25 ലക്ഷം).<br>(ഡി) പ്രോജക്ടിസ്ഥാനത്തിൽ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് പരമാവധി 2 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. (135 ലക്ഷം). | |
| 4. | **ജില്ലാ ക്ലസ്റ്റർ വികസനം.**<br>(എ) തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 800 കാര്യക്ഷമമായ ക്ലസ്റ്ററുകളുടെ വികസനം (ക്ലസ്റ്ററിന് 75,000/- രൂപ നിരക്കിൽ ആകെ 600 ലക്ഷം)<br>(ബി) സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ (ഹെക്ടറിന് 15,000/ രൂപ നിരക്കിൽ) വികസന സഹായം (435 ലക്ഷം).<br>(സി) പമ്പ് സെറ്റുകൾ 1720 പമ്പ് സെറ്റുകൾക്ക് 10,000 രൂപ നിരക്കിൽ സഹായധനം. (172 ലക്ഷം)<br>(ഡി) സസ്യ സംരക്ഷണ ഉപാധികൾ 1000 യൂണിറ്റിന് 1500 രൂപ നിരക്കിൽ സഹായധനം. (15 ലക്ഷം)<br>(ഇ) ഇന്നവേഷൻ ഫണ്ട് - ക്ലസ്റ്ററുകളിലെ നൂതനവും ജൈവവുമായ പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലയ്ക്കും 3 ലക്ഷം രൂപ. (42 ലക്ഷം)<br>(എഫ്) ഹരിത ഫണ്ട്- ക്ലസ്റ്ററുകളുടെ അടിസ്ഥാന ചിലവുകൾക്കായി ഒരു ക്ലസ്റ്ററിന് 2000 രൂപ നിരക്കിൽ സഹായധനം. (16 ലക്ഷം)<br>(ജി) തരിശു നില കൃഷി ഹെക്ടറിന് 30,000/ രൂപ നിരക്കിൽ 500 ഹെക്ടറിന് ധനസഹായം. (150 ലക്ഷം)<br>(എച്ച്) പ്രസിദ്ധീകരണങ്ങൾ / മാധ്യമങ്ങൾ വഴി 20 രൂപ | 1780 |

| | | |
|---|---|---|
| | വിലയുള്ള 5 ലക്ഷം വിത്തു പായ്ക്കറ്റുകളുടെ വിതരണം. (100 ലക്ഷം)<br>(ഐ) മറ്റു ചിലവുകൾ (13 ലക്ഷം)<br>(ജെ) പ്രവർത്തന ചിലവുകൾ (17 ലക്ഷം).<br>(കെ). സർക്കാരിതര സ്ഥാപനങ്ങൾ വഴി 2.5 ലക്ഷം പച്ചക്കറി വിത്ത് കിറ്റ് വിതരണം. (50 ലക്ഷം).<br>(എൽ) പിണറായി പഞ്ചായത്തിലെ ഇടക്കടവ് ജലസേചന പദ്ധതി (7.2 ലക്ഷം).<br>(എം) മാനന്തവാടി ബ്ലോക്കിലെ ആദിവാസി ഊരുകളിലെ പച്ചക്കറി കൃഷി (7.624 ലക്ഷം).<br>(എൻ) ഫീൽഡ് അസിസ്റ്റന്റ്മാരുടെ കരാർ നിയമനം (127.5 ലക്ഷം). | |
| 5. | **ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം**<br>(എ). നടപ്പു വർഷത്തിലെ 100 പ്രവർത്തന ക്ഷമമായ ക്ലസ്റ്ററുകൾക്ക് ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ 6.3 ലക്ഷം രൂപ നിരക്കിൽ ധനസഹായം (630 ലക്ഷം).<br>(ബി) 2013-14-ൽ ഗ്രേഡ് ചെയ്യപ്പെട്ട 95 ക്ലസ്റ്ററുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ ധനസഹായം (190 ലക്ഷം)<br>(സി) ഗ്രേഡ് ചെയ്യപ്പെടാത്ത കാര്യക്ഷമമായ 600 ക്ലസ്റ്ററുകൾക്ക് 1.5 ലക്ഷം രൂപ നിരക്കിൽ ഉൽപാദനത്തിനും, വിപണനത്തിനുമുള്ള ധനസഹായം. (900 ലക്ഷം) | 1730 |
| 6. | **സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം.**<br>തിരഞ്ഞെടുക്കപ്പെട്ട 238 ക്ലസ്റ്ററുകളിൽ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സൂക്ഷ്മ മൂലകങ്ങളുടെ വള പ്രയോഗം. ( 50 ലക്ഷം) | 50 |

| | | |
|---|---|---|
| 7. | ബ്ലോക്കു തല ഫെഡറേറ്റഡ് സമിതികൾ - 2013-14, 2014-15 രൂപീകരിക്കപ്പെട്ട 40 ബ്ലോക്കു തല ഫെഡറേറ്റഡ് സമിതികൾക്ക് 10 ലക്ഷം രൂപ നിരക്കിൽ സംഭരണ വിപണന സഹായധനം. ( 400 ലക്ഷം) | 400 |
| 8. | **കിഴങ്ങു പയറുവിള വികസനം**<br>എ) കിഴങ്ങുവിള വികസനം - സി.റ്റി.സി.ആർ.ഐ മുഖേന പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ നടപ്പിലാക്കുന്നു (75 ലക്ഷം).<br><br>(ബി) പയറുവിള വികസന ഹെക്ടറിന് 10,000/ രൂപ നിരക്കിൽ 250 ഹെക്ടറിന് സഹായം - (പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകളിൽ) (25 ലക്ഷം രൂപ) | 100 |
| 9. | നഴ്സറികളുടെ സ്ഥാപനം - ബ്ലോക്കുതലത്തിൽ 5 ലക്ഷം രൂപ ധനസഹായം നൽകി 15 നഴ്സറികളുടെ രൂപീകരണം. (75 ലക്ഷം ) | 75 |
| 10. | മഴമറകൾ - 75% സബ്സിഡി നിരക്കിൽ 100 ചതുരശ്ര മീറ്ററിൽ 200 മഴമറകൾ സ്ഥാപിക്കുന്നതിന് 50,000/- രൂപ വീതം ധനസഹായം (100 ലക്ഷം ) | 100 |
| 11. | സങ്കരവിത്തിനങ്ങളുടെ പരീക്ഷണത്തോട്ടങ്ങൾ- , 225 പരീക്ഷണത്തോട്ടങ്ങൾക്ക് ധനസഹായം. (25 ലക്ഷം ) | 25 |
| 12. | സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുളള വള പ്രയോഗവും - 50 സെന്റ് വീതം വരുന്ന 1400 യൂണിറ്റുകൾക്ക് 30,000/- രൂപ വീതം ധനസഹായം നൽകുന്നു. (425 ലക്ഷം ) | 425 |
| 13. | എക്സ്റ്റേണൽ മോണിറ്ററിംഗ് (40 ലക്ഷം ) | 40 |

| | | |
|---|---|---|
| 14. | ഡോക്യുമെന്റേഷൻ (50 ലക്ഷം) | 50 |
| 15. | സാങ്കേതിക സഹായവും കരാർ നിയമനവും (50 ലക്ഷം) | 50 |
| 16. | അവാർഡുകൾ നൽകുന്നതിന് (50 ലക്ഷം) | 50 |
| 17. | പരിശീലനം, പ്രചരണം, ബോധവത്ക്കരണം (100 ലക്ഷം) | 100 |
| 18. | ആകാശവാണി വഴി കർഷകരുടെ വിജയഗാഥ പ്രചരണം (50 ലക്ഷം) | 50 |

Sushama

**സെക്ഷൻ ഓഫീസർ**